
രഞ്ജന . ആർ
യു.പി.എസ്.എ
എസ്.വി.എം.യു.പി.സ്കൂൾ
വെട്ടൂർ

# ടീച്ചിംഗ് മാന്വൽ

ക്ലാസ് . 6 മലയാളം

അടിസ്ഥാന പാഠാവലി



ക്ലാസ് 6
മലയാളം
അടിസ്ഥാനപാഠാവലി
യൂണിറ്റ് 1
സ്നേഹസ്പർശം

**പഠനനേട്ടങ്ങൾ :**

- കവിതകൾ ഉചിതമായ ഈണത്തിലും വേഗത്തിലും ആലപിക്കുന്നു.
- സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം ആലാപനവും മറ്റുള്ളവരുടെ ആലാപനവും വിലയിരുത്തുന്നു.
- കഥകളുടെ രചനാരീതി, സാമൂഹിക പ്രസക്തി വൈവിധ്യം തുടങ്ങിയ വിശേഷതകൾ പരിഗണിച്ചും സ്വയം കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടും പറഞ്ഞും എഴുതിയും ആസ്വാദനം അവതരിപ്പിക്കുന്നു.
- കഥകൾ ആശയം ഉൾക്കൊണ്ട് ഉചിതമായ ശബ്ദ നിയന്ത്രണം, ഒഴുക്ക് ഉച്ചാരണ ശുദ്ധി എന്നിവയോടെ വായിക്കുന്നു.
- പദപ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ സന്ദർഭാനുസരണം ഉപയോഗിക്കുന്നു.
- സ്വന്തം അഭിരുചിക്കിണങ്ങുന്ന പുസ്തകങ്ങൾ കണ്ടെത്തി വായിച്ചു കുറിപ്പുകൾ തയാറാക്കുന്നു.
- വായിച്ച സർഗാത്മക രചനകളെ വ്യത്യസ്തമായ തരത്തിൽ ആവിഷ്കരിക്കുന്നു.

**പ്രവർത്തനങ്ങൾ :**

- കാവ്യാലാപനം (HB)
- ഈണത്തിൽ വായിക്കാം (TB)
- ഉചിതമായ ഈണം കണ്ടെത്താം (TB)
- പ്രയോഗഭംഗി കണ്ടെത്തുന്നു.
- വിശകലനം HB, TB
- ചിത്രവായന (HB)
- പദച്ചേർച്ച കണ്ടെത്തൽ HB, TB
- കഥാവായന, ചർച്ച
- സംഭാഷണ രചന

വാക്യങ്ങൾ നിർമ്മിക്കൽ
ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
കഥ പറച്ചിൽ (TB)
വർണന
കഥാപാത്ര നിരൂപണം തയ്യാറാക്കൽ
ബ്രോഷർ (അധിക പ്രവർത്തനം)
രംഗാവിഷ്കാരം
ഉപന്യാസ രചന

സാമഗ്രികൾ : പേപ്പർ, വരയുപകരണങ്ങൾ
HB, TB
ബ്രോഷർ മാതൃക

ഉല്പന്നങ്ങൾ : ചിത്രകഥ പതിപ്പ്
ആസ്വാദനക്കുറിപ്പ്
സംഭാഷണം
വിശകലനക്കുറിപ്പുകൾ
ബ്രോഷർ, സ്ക്രിപ്റ്റ്
സംഭാഷണം.

# ദൈനംദിനാസൂത്രണം

## പ്രവേശക പ്രവർത്തനം :-

ചിത്രകഥ ഉണ്ടാക്കാം

സ്നേഹസ്പർശം എന്ന ആദ്യ യൂണിറ്റിന്റെ പ്രവേശകമായി നൽകിയിരിക്കുന്ന 'സഹോദര ശ്രുതി' എന്ന കഥ ടീച്ചർ ഭാവം ഉൾക്കൊണ്ട് പറയുന്നു.

തുടർന്ന് കഥ പുസ്തകം നോക്കി വായിച്ച് കേൾപ്പിക്കുന്നു.

ആവശ്യമെങ്കിൽ ആവർത്തിച്ച് വായിച്ചു കേൾപ്പിക്കുന്നു.

ചർച്ച

? ആരൊക്കെയാണ് ഈ കഥയിലെ കഥാപാത്രങ്ങൾ ?

? അവരെന്താണ് പരസ്പരം ചെയ്തത് ?

? എന്തുകൊണ്ട് ?

? ഈ കഥയെ "സാഹോദര്യത്തിന്റെ സൗന്ദര്യം തുളുമ്പുന്ന കഥ" എന്ന് പറഞ്ഞതെന്തുകൊണ്ടായിരിക്കും ?

? ഈ കഥയെ ചിത്രങ്ങളാക്കിയാൽ നിങ്ങൾ ഏതൊക്കെ രംഗങ്ങളായിരിക്കും വരയ്ക്കുക.

? അതിന് എന്തൊക്കെ അടിക്കുറിപ്പുകൾ /സംഭാഷണങ്ങൾ എഴുതും.

കഥയെ അടിസ്ഥാനമാക്കി 5 ചിത്രങ്ങൾ വരയ്ക്കാൻ തീരുമാനിക്കുന്നു

- മൂത്ത സഹോദരൻ നെല്ലുമായി പോകുന്ന രംഗം
- ഇളയ സഹോദരൻ നെല്ലുമായി പോകുന്ന രംഗം
- അവർ പരസ്പരം കണ്ടുമുട്ടുന്ന രംഗം
- പരസ്പരം കെട്ടിപ്പിടിച്ച് സ്നേഹം പങ്കുവയ്ക്കുന്നു
- അവരുടെ ഓർമയ്ക്കായി സ്ഥാപിച്ച ദേവാലയം.

അനുയോജ്യമായ സംഭാഷണങ്ങൾ ക്ലാസിൽ രൂപീകരിക്കണം.

| | | |
|---|---|---|
| 1. | മൂത്ത സഹോദരൻ നെല്ലുമായി പോകുന്ന രംഗം. ഈ ചിത്രത്തിന് എന്ത് അടിക്കുറിപ്പെഴുതാം. | " പാവം എന്റെ അനിയൻ ... ഈ നെല്ല് ഇവന് കൊടുക്കാം |
| 2 | ഇളയ സഹോദരൻ നെല്ലുമായി പോകുന്ന രംഗം ഇവിടെ എന്തു ചേർക്കാം | " പാവം എന്റെ ചേട്ടൻ.. ഈ നെല്ല് ചേട്ടന് കൊടുക്കാം" |
| 3 | അവർ പരസ്പരം കണ്ടുമുട്ടുന്ന രംഗം | " ചേട്ടാ..... "<br>" അനിയാ.... " |
| 4 | പരസ്പരം കെട്ടിപ്പിടിച്ച് സ്നേഹം പങ്കുവയ്ക്കുന്ന ചിത്രം | സഹോദര സ്നേഹത്തിന്റെ നന്മ |
| 5 | അവരുടെ ഓർമ്മയ്ക്കായി സ്ഥാപിച്ച ദേവാലയം | സ്നേഹമാണ് ദൈവം സ്നേഹമുള്ളിടമാണ് ദേവാലയം |

▲ തുടർന്ന് ഓരോ കുട്ടികളും സ്വതന്ത്രമായി ചിത്രം വരക്കുന്നതിനും അടിക്കുറിപ്പ് / സംഭാഷണം തെരഞ്ഞെടുത്ത് എഴുതുന്നതിനും അവസരം കൊടുക്കുന്നു

**അനുരൂപീകരണം**

അനുയോജ്യമായ അടിക്കുറിപ്പ് കണ്ടെത്താൻ പ്രയാസമുള്ള കുട്ടികൾക്ക് അത് പറയാൻ അവസരം കൊടുക്കുന്നു. ചോദിച്ചത് തെരഞ്ഞെടുക്കാൻ ടീച്ചർ സഹായിക്കുന്നു.

**അവശ്യസാമഗ്രികൾ**

⇩

പേപ്പർ
ചാർട്ട്
മാർക്കർ പേനകൾ
ക്രയോൺ

- സഹോദരസ്നേഹത്തിന്റെ അനുഭവങ്ങൾ പറഞ്ഞറിയിക്കാൻ ഏതാനും പേർക്ക് അവസരം നൽകുന്നു.
- കഥയിലേതു പോലെ തങ്ങൾ എന്തൊക്കെ ചെയ്യുമെന്ന് കുട്ടികൾ പറയുന്നു.
  - തന്റെ സഹോദരന്മാർക്കു വേണ്ടി
  - സഹപാഠികൾക്കു വേണ്ടി
  - സുഹൃത്തുക്കൾക്കു വേണ്ടി
  - ദുരിതമനുഭവിക്കുന്നവർക്കു വേണ്ടി
  - ലോക നന്മയ്ക്കു വേണ്ടി

- മഹാന്മാരായ വ്യക്തികൾ ലോക നന്മയ്ക്കു വേണ്ടി ത്യാഗം ചെയ്തതിനെക്കുറിച്ച് ചർച്ച

? സ്വന്തം സഹോദരന്മാർക്ക് വേണ്ടി കർമ്മമേന്താണ് അവർ പ്രയത്നിച്ചത്.

? ലോകരെ അവർ എങ്ങനെയാണ് കണക്കാക്കിയത്.

- സഹോദരശ്രുതിയുടെ തുടക്കത്തിൽ പി.എൻ. ദാസ് എഴുതിയ 'ടോൾസ്റ്റോയിയുടെ അനുഭവം' ടീച്ചർ കുട്ടികൾക്ക് വിവരിച്ചു കൊടുക്കുന്നു.

"യുദ്ധവും ക്ഷാമവും കൊണ്ട് ഇരുട്ടിലായ- - -
- - - - - - - - - - - - - -
- - - - - - - - - - - - - -
- - - - - - - - - -
- - - - .. അതുമാത്രം മതിയെനിക്ക്."

- ടോൾസ്റ്റോയിയുടെ അനുഭവവും, സഹോദരന്മാരുടെ അനുഭവവും താരതമ്യം ചെയ്ത് ചർച്ച.

**ക്രോഡീകരണം**.

ജീവിതത്തെ സഹനീയമായ ഒരു അനുഭവമാക്കി മാറ്റുന്നത് സ്നേഹമെന്ന വികാരമാണ്. ഞാൻ എന്ന ബോധത്തിൽ നിന്ന് നമ്മൾ എന്ന ബോധത്തിലേക്കുള്ള പരിവർത്തനമാണ് സ്നേഹത്തിന്റെ സത്ത. നമ്മുടെ ജലകണങ്ങൾ വ്വരെ പ്രതിഫലേച്ഛയില്ലാതെ കർമ്മം ചെയ്യാൻ മനുഷ്യനു സാധിക്കുന്നത്. അതു കൊണ്ടാണ് മഹാപിതാക്കളിൽ അത കരുതലിന്റെ ആനന്ദവും, വേദനയും, ആകാംക്ഷയും ദൈന്യം,

മാറുന്നു. ഭരണാധികാരികളിൽ അത് ആനന്ദവും, ഔചിത്യവും സത്യ സന്ധതയുമാണ്. അധ്യാപക വിദ്യാർത്ഥി ബന്ധത്തിൽ അത് ഉത്തമമാകുന്നു. സുഹൃത്തുക്കളിൽ അത് പരസ്പര ബഹുമാനമാണ്. ഇങ്ങനെ സ്നേഹത്തിന്റെ ചരടു കൊണ്ട് ബന്ധിതമാണ് ജീവിതം.

അങ്ങനെയെങ്കിൽ കുടുംബബന്ധത്തിന്റെ സ്നേഹോഷ്മളതയിലേക്ക് നമുക്ക് കടന്നു ചെല്ലുന്നതിനായി "ഊഞ്ഞാൽ പാട്ട്" എന്ന കവിത പരിചയപ്പെടാം.

പഠനനേട്ടം:-
കവിത ഉചിതമായ ഭാവത്തിലും ഈണത്തിലും ആലപിക്കുന്നു.

## ഈണത്തിൽ വായിക്കാം

- വീട്ടിൽ കുടുംബാംഗങ്ങൾ എല്ലാം ഒത്തു ചേരുന്ന ആഹ്ലാദകരമായ അവസരങ്ങൾ ഏതൊക്കെയാണ്?
  [എല്ലാ കുട്ടികൾക്കും പറയാൻ അവസരം]
- കുടുംബത്തിലെ എല്ലാവരും പങ്കെടുത്ത ചില വിശേഷ സന്ദർഭങ്ങളുടെ ആഹ്ലാദകരമായ ഓർമ്മകൾ കുട്ടികൾ പറയുന്നു.
  - വിരുന്നു പോയപ്പോൾ
  - ഉത്സവത്തിന് പങ്കെടുത്തത്
  - യാത്ര പോയത്
  - വീട്ടിലെ ചടങ്ങുകൾ
- കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കുന്നു.
- ഓരോ കുട്ടിയും തനിക്ക് യോജിച്ചതെന്നു തോന്നിയ ഒരു ഈണത്തിൽ കവിത വായിച്ചവതരിപ്പിക്കൽ

കവിത ആകർഷകമായി വായിച്ചവതരിപ്പിച്ചതിന്റെ ഓഡിയോ കേൾക്കാൻ അവസരം ക്ലാസിൽ ഒരുക്കുന്നു.

വിലയിരുത്തൽ- ഇടണം

അഭിനന്ദ, ഷിയ്ബാൻ
നന്നായി ഈണം ത്തോടെ
ശിവം ഖൾബൊന്ന് കവിത ചൊല്ലി.
ദേവഗംഗ, ആര്യ കവിത ചൊല്ലി
അൻസ, ആദി കവിത ചൊല്ലുന്നതിനു ശ്രമം നടത്തി
അമൽ, മെഹ്റിൻ ഇവരിൽ ശ്രദ്ധ കുറവായിരുന്നു

പഠനനേട്ടം:-
കവിതകളിലെ ആശയം, ബിംബകല്പന, ചമത്കാരഭംഗി
പ്രയോഗ സവിശേഷതകൾ എന്നിവ കണ്ടെത്തി
വിശദീകരിക്കുന്നു.

## കണ്ടെത്താം പറയാം

- കവിതയിലെ ഇഷ്ടപ്പെട്ട വരികൾ, പ്രയോഗങ്ങൾ എന്നിവ വ്യക്തിഗതമായി കണ്ടെത്തൽ
- പൊതു ചർച്ച

? വിട്ടുവച്ച് വിരണ്ടോടി വീണത് ആരാണ്?

? ചിറ്റുളിപ്പല്ലു കൊണ്ട് കുഞ്ഞു പൂവിൻ പടങ്ങൾ വരയ്ക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?

? ഓടി വന്ന മക്കളോട് അച്ഛൻ എന്താണ് പറഞ്ഞത്?

? കുടുംബത്തിൽ നിറയുന്ന സ്നേഹം പ്രകൃതിയിൽ എന്തൊക്കെയായിട്ടാണ് നിഴലിക്കുന്നത്?

? സ്നേഹവും സന്തോഷവും അനുഭവിക്കുന്ന ഞാൻ ഒരു ഞൊടി നേരം എന്തായിത്തീരുന്നു എന്നാണ് കവി പറയുന്നത്.

- കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കുന്നു.
- സംഘത്തിൽ അവതരണം
- പരസ്പര വിലയിരുത്തൽ
- മെച്ചപ്പെടുത്തിയെഴുതൽ

വിലയിരുത്തുന്നു.

| റേറ്റിംഗ് സ്കെയിൽ | |
|---|---|
| സൂചകങ്ങൾ | ഉണ്ട് / ഇല്ല |
| 1. വരികളിലെ ആശയം വ്യക്തമാക്കിയിട്ടുണ്ട്. | |
| 2. ഉഷ്ണകണ്, ഉപ്പുനീറും, പ്രാർത്ഥനാനാളം, കറ്റനാഴി, കൊച്ചുപൂമ്പാറ്റ എന്നീ പദങ്ങൾ കൊണ്ട് ഉദ്ദേശിച്ചതെന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട് | |
| 3. ഭാഷാശൈലി മികച്ചതാണ് | |

**വിലയിരുത്തൽ**

ആശയവ്യക്തത, പദപ്രയോഗം, ഭാഷാശൈലി എന്നിവ മനസ്സിലാക്കിയെടുക്കാൻ സാധിച്ചു. പ്രയോഗങ്ങൾ എങ്ങനെ ആന്തരിക അർത്ഥത്തെ വെളിപ്പെടുത്തുന്നു എന്ന് ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.

## പ്രയോഗഭംഗി കണ്ടെത്താം

- വിരലുണ്ടായി വീണു, ഉണ്ണിനുള്ളിലെ തേൻതുള്ളി, ഓമനപ്പൂ എന്നീ പദങ്ങൾ ചാർട്ടിലെഴുതുന്നു.

ഇതുപോലെ കവിതയിലെ സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി കവിതയ്ക്ക് ഇവ നൽകുന്ന സൗന്ദര്യം വിശദമാക്കുക

## പദച്ചേർച്ച

- സമസ്ത പദങ്ങളിൽ ഏതൊക്കെ പദങ്ങൾ ഉൾച്ചേർന്നിരിക്കുന്നു എന്ന് കണ്ടെത്താനുള്ള പ്രവർത്തനമാണിത്. അതോടൊപ്പം പദങ്ങൾ കൂട്ടിച്ചേർത്ത് സമസ്തപദമാക്കുന്ന രീതിയും കുട്ടികൾ പരിചയപ്പെടുന്നു.
    - ചർച്ച ചെയ്ത് കണ്ടെത്തി കുറിക്കുക.
    - എഴുതിയത് പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യുക
    - കവിതയിലെ വരികളിൽ നിന്ന് സമസ്തപദങ്ങൾ കണ്ടെത്തി അവയിൽ ഉൾച്ചേർന്ന പദങ്ങൾ വേർതിരിക്കുക.

- നിൽക്കുമാമനച്ചന്തം – നിൽക്കും, മാമന, ചന്തം
- താമരത്തണ്ടെറിഞ്ഞു - താമര, തണ്ട്, എറിഞ്ഞു.
- നിൽക്കയാണൊരു - നിൽക്ക, ആണ്, ഒരു
- ഒറ്റനാമഴിക്കക്കരെയെത്തി - ഒറ്റനാം, അഴിക്ക്, അക്കരെ, എത്തി.

## ഉചിതമായ ഈണം കണ്ടെത്തുക

HM

തുടക്കത്തിൽ കുട്ടികൾ കവിത ഈണത്തിൽ വായിച്ചിരുന്നു. എന്നാൽ അപ്പോൾ കവിതയുടെ ആശയതലവും ഭാവതലവും പൂർണ്ണമായി ഉൾക്കൊള്ളാതെയാവാം ആലപിച്ചത്. പഠന പ്രവർത്തനങ്ങളിലൂടെ കവിത പൂർണ്ണമായി ആസ്വദിച്ച ശേഷം ഉചിതമായ ഈണം കണ്ടെത്തി കവിത ആലപിക്കാനുള്ള പ്രവർത്തനമാണിത്.

- വ്യക്തിഗതമായി ഈണം കണ്ടെത്തൽ
- ഗ്രൂപ്പിൽ അവതരണം.
- മികച്ച ഈണം കണ്ടെത്തൽ
- വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെ കണ്ടെത്തുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ

- അക്ഷര സ്ഫുടത
- ആശയ വ്യക്തത
- ഭാവത്തിനും താളത്തിനും ഇണങ്ങുന്ന ഈണം
- ശബ്ദ നിയന്ത്രണം
- തിരഞ്ഞെടുത്ത ഈണത്തിൽ ഗ്രൂപ്പിന്റെ ആലാപനം
- മറ്റു സംഘങ്ങൾ വിലയിരുത്തുന്നു
- സംഘത്തിന്റെ പൊരുത്തം
-

ആലാപന മികവ് അധ്യാപിക വിലയിരുത്തുന്നു.

### വിലയിരുത്തൽ

ഈണം കണ്ടെത്താൻ
മിച്ചവ, അഭിനന്ദ, എയ്ഞ്ചൽ

ഷാഫിത്ത് വരുരെ ഏറെ മെച്ചപ്പെട്ടാനുണ്ട്. കൂടുതൽ തവണ കവിത വായിക്കാൻ നിർദ്ദേശം നൽകി.

ദേവഗംഗ; ആദി, ആര്യ, അൽന ശരാശരി നിലവാരം പുലർത്തി.

**കവിപരിചയം**

കടമ്മനിട്ട രാമകൃഷ്ണൻ

**അധിക വായനയ്ക്ക്:-**

കടമ്മനിട്ട കവിതകൾ
അച്ഛൻ, (വിജയലക്ഷ്മി)
ഉപ്പ് (കുരീപ്പുഴ)

## പ്രതിഫലനാത്മക കുറിപ്പുകൾ

ഊഞ്ഞാൽ പാട്ട് എന്ന കവിത ഒരു കൊച്ചു കുടുംബത്തിന്റെ സ്നേഹ ബന്ധങ്ങളുടെ നൈർമല്യം വെളിപ്പെടുത്തുന്നു. ബന്ധങ്ങളുടെ ദൃഢത കുട്ടികളിൽ ഉറപ്പിക്കാൻ ഈ പാഠം കൊണ്ട് സാധിച്ചു. ആംഗ്യഭംഗി, ഈണം കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാവരിലും ഒരു പോലെ എത്തിപ്പെടുത്താൻ കഴിഞ്ഞില്ല.
രോഹിത്ത്, രാഹുൽ, ആദി, അൻസ കുറച്ചു കൂടി മുന്നോട്ടു വരാനുണ്ട്. വൈകുന്നേരം ഒരു മണിക്കൂർ വായനയ്ക്കായി സമയം കണ്ടെത്താൻ നിർദ്ദേശം നൽകി.

## യൂണിറ്റ് ടെസ്റ്റ്

1, ഊഞ്ഞാൽ പാട്ട് എന്ന കവിത കടമ്മനിട്ടയുടെ ഏതു കൃതിയിൽ നിന്നും എടുത്തതാണ്?

2, പോർത്തലനാനന്ദം എന്ന് കവി വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?

3, 'സഹോദരശ്രുതി' ആരുടെ രചനയാണ്?

4, കറുത്ത തൂവൽ ചിക്കി പായുന്നത് ആരാണ്

5, ഓളി എന്ന വാക്കിന്റെ അർത്ഥമെഴുതുക

6, പിരിച്ചെഴുതുക - കുഞ്ഞിച്ചുണ്ടാൽ, താമരത്തണ്ട്

7, മാതൃക പോലെ എഴുതുക
നിൽക്കുമോമനച്ചന്തമേ – നിൽക്കും, ഓമന, ചന്തമേ
കടന്നാമഴിക്കക്കരെയെത്തി-
ഗീതമോടോടിയെത്തി -
താമരത്തണ്ടെറിഞ്ഞു.
ഓരോവെള്ളാമ്പൽ കുലപ്പൂവായ് -

8, കഴുത്തിൽ താമരത്തണ്ടെറിഞ്ഞു - താമരത്തണ്ട് എന്ന് ഇവിടെ കവി അർത്ഥമാക്കുന്നതെന്ത്?

9, അച്ഛനെ കണ്ടപ്പോൾ കുട്ടികൾ സന്തോഷം പ്രകടിപ്പിച്ചത് എങ്ങനെയെല്ലാമാണ്?

10, നിങ്ങളുടെ വീട്ടിലെ സന്തോഷകരമായ അനുഭവങ്ങൾ എഴുതിനോക്കൂ.

ദിനാചരണങ്ങൾ - ഹിരോഷിമ, നാഗസാക്കി ദിനം, സ്വാതന്ത്ര്യ ദിനം
- പോസ്റ്റർ, സന്ദേശം, റാലി etc.
താരാട്ടുപാട്ടുകൾ ശേഖരണം - പതിപ്പ് തയ്യാറാക്കൽ